MD NICHE
MEDIA CONSULTANTS

# DEEPIKA

## National Tourism Awards for Kerala

Date: **20-03-2013** | Edition: **ALL KER** | Page No: **9** | Clip size (cm) - W: **16** H: **13**

# കേരളത്തിനു അഞ്ച് ദേശീയ ടൂറിസം അവാർഡുകൾ

**തിരുവനന്തപുരം:** ഏറെ അഭിനന്ദനം നേടിയ കേരളത്തിന്റെ ഉത്തരവാദ ടൂറിസത്തിന്റെ കുമരകം മോഡലിനു മികച്ച ഗ്രാമീണ വിനോദസഞ്ചാര പദ്ധതിക്കുള്ള ദേശീയ പുരസ്കാരം.

തദ്ദേശവാസികളെയും ടൂറിസം വ്യവസായത്തെയും കണ്ണി ചേർത്തു കൊണ്ടു നടത്തിയ മികച്ച ടൂറിസം

## കുമരകം ടൂറിസം പദ്ധതിക്ക് ദേശീയ അവാർഡ്

പദ്ധതിക്കാണ് അംഗീകാരം. 2011-12ലെ ദേശീയ ടൂറിസം പുരസ്കാരങ്ങളിൽ മറ്റു നാലു പുരസ്കാരങ്ങൾ കൂടി കേരളം നേടി.

തിരുവനന്തപുരം ചൊവ്വരയിലെ സോമതീരം ആയുർവേദ റിസോർട്ടിനാണ് ബെസ്റ്റ് വെൽനെസ് സെന്റർ പുരസ്കാരം.

മികച്ച അപ്രൂവ്ഡ് ഇൻബൗണ്ട് ടൂർ ഓപ്പറേറ്റർ ആൻഡ് ട്രാവൽ ഏജന്റ് വിഭാഗത്തിൽ 'പയനിയർ പേഴ്സണലൈസ്ഡ് ഹോളിഡേയ്സ്' പുരസ്കാരത്തിന് അർഹമായി. കുമരകത്തെ താജ് ഹോട്ടൽ മികച്ച ഫോർ സ്റ്റാർ ഹോട്ടലിനുള്ള അവാർഡും കോക്കനട്ട് ക്രീക് ഫാം ആൻഡ് ഹോം സ്റ്റേ മികച്ച താമസത്തിനും പ്രഭാത ഭക്ഷണത്തിനുമുള്ള അവാർഡും കരസ്ഥമാക്കി. വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി പ്രണബ്കുമാർ മുഖർജിയിൽ നിന്ന് കേരള ടൂറിസം സെക്രട്ടറി സുമൻ ബില്ല മികച്ച റൂറൽ ടൂറിസം പദ്ധതിക്കുള്ള പുരസ്കാരം ഏറ്റുവാങ്ങി.




വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി പ്രണാബ് മുഖർജിയിൽ നിന്ന് കേരള ടൂറിസം സെക്രട്ടറി സുമൻ ബില്ല മികച്ച റൂറൽ ടൂറിസം പദ്ധതിക്കുള്ള പുരസ്കാരം ഏറ്റുവാങ്ങുന്നു.



സോമതീരം ആയുർവേദിക് ഹോസ്പിറ്റൽ ആൻഡ് യോഗാ സെന്ററിന് മൂന്നാംതവണയും ദേശീയ ടൂറിസം പുരസ്കാരം ലഭിച്ചു. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി പ്രണാബ് മുഖർജിയിൽ നിന്നും സോമതീരം ഹെൽത്ത് ഗ്രൂപ്പ് ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ ഡോ. പോളി മാത്യുവും ഡയറക്ടർ ട്രീസ പോളിയും ചേർന്ന് അവാർഡ് സ്വീകരിക്കുന്നു. കേന്ദ്ര ടൂറിസം മന്ത്രി കെ. ചിരഞ്ജീവി സമീപം.